2024 AUGUST
29
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## മുല്ലപ്പെരിയാറിൽ പുതിയ ഡാം അനിവാര്യമല്ല; തമിഴ്നാട്ടിലേക്ക് തുരങ്കം നിർമിക്കണം: ഇ.ശ്രീധരൻ

**കോഴിക്കോട്:** മുല്ലപ്പെരിയാറിൽ പുതിയ ഡാം അനിവാര്യമല്ലെന്ന് മെട്രോമാൻ ഇ. ശ്രീധരൻ. മുല്ലപ്പെരിയാർ റിസർവോയറിൽനിന്ന് തമിഴ്നാട്ടിലേക്ക് തുരങ്കം നിർമിക്കണമെന്നും തമിഴ്നാട്ടിൽ വെള്ളം ശേഖരിക്കാനായി ചെറിയ ഡാമുകൾ നിർമിക്കണമെന്നും ശ്രീധരൻ നിർദേശിച്ചു. തുരങ്കം നിർമിച്ചാൽ മുല്ലപ്പെരിയാറിനു ഭീഷണിയുണ്ടാവില്ല. ബലപ്പെടുത്തിയാൽ 50 വർഷത്തേക്ക് ഭീഷണിയില്ലെന്നും അദ്ദേഹം പറഞ്ഞു.

വയനാട് ഉരുൾപൊട്ടലിന് പിന്നാലെ മുല്ലപ്പെരിയാറിന്റെ സുരക്ഷ സംബന്ധിച്ച് വ്യാപക ചർച്ചകൾ നടക്കുകയും ഡാം ഡി കമ്മിഷൻ ചെയ്യണമെന്ന ആവശ്യം ശക്തമായി ഉയരുകയും ചെയ്തിരുന്നു. ലോക്സഭയിൽ അടക്കം കേരളത്തിലെ എംപിമാർ പുതിയ ഡാം വേണമെന്ന ആവശ്യം ഉയർത്തിയിരുന്നു. പിന്നാലെയാണ് ശ്രീധരൻ അഭിപ്രായം വ്യക്തമാക്കിയത്.

നാലു കിലോമീറ്റർ നീളത്തിലും ആറു മീറ്റർ വിസ്താരത്തിലും തമിഴിനാട്ടിലേക്ക് തുരങ്കം നിർമിക്കാമെന്ന് ശ്രീധരൻ പറഞ്ഞു. ഡാം നിർമാണം ചെലവേറിയതാണ്. ജലനിരപ്പ് 100 അടിയിൽ നിജപ്പെടുത്തണം. ഈ നിർദ്ദേശം തമിഴ്നാടും കേന്ദ്രവും ഉടൻ അംഗീകരിക്കും. സുപ്രീംകോടതിക്കും വിഷയത്തിൽ എതിർപ്പ് ഉണ്ടാകില്ലെന്നും ഇ.ശ്രീധരൻ പറഞ്ഞു.

## ഡിസ്നി ഹോട്ട്സ്റ്റാറും റിലയൻസിൻെറ കൈകളിലേക്ക്; ലയനത്തിന് അനുമതി

**കൊച്ചി:** റിലയൻസ് ഇൻഡസ്ട്രീസിൻറെയും ഡിസ്നി ഇന്ത്യയുടെയും മാധ്യമ ബിസിനസ് ലയിപ്പിക്കുന്നതിന് കോംപറ്റീഷൻ കമ്മിഷൻ ഒഫ് ഇന്ത്യ(സി.സി.ഐ) അനുമതി നൽകി. റിലയൻസ് ഇൻഡസ്ട്രീസ്, വയാകോം18 മീഡിയ പ്രൈവറ്റ് ലിമിറ്റഡ്, ഡിജിറ്റൽ18 മീഡിയ, സ്റ്റാർ ഇന്ത്യ, സ്റ്റാർ ടെലിവിഷൻ എന്നിവ ഉൾപ്പെടുന്ന കൂട്ടുകെട്ടിന് നിർദേശിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി അംഗീകാരം നൽകുന്നുവെന്ന് സിസിഐ എക്സിൽ കുറിച്ചു. വ്യാഴാഴ്ച നടക്കുന്ന റിലയൻസ് ഇൻഡസ്ട്രീസിൻറെ വാർഷിക പൊതു യോഗത്തിന് മുന്നോടിയായാണ് രാജ്യത്തെ ഏറ്റവും വലിയ വിനോദ വ്യവസായ കമ്പനിയുടെ രൂപീകരണത്തിന് അനുമതി ലഭിക്കുന്നത്. ഡിസ്നിയുടെ ഇന്ത്യയിലെ മാധ്യമ ബിസിനസ് 70,350 കോടി




രൂപയ്ക്കാണ് റിലയൻസ് ഇൻഡസ്ട്രീസ് ഏറ്റെടുക്കുന്നത്. പുതിയ സംയുക്ത സംരംഭത്തിൻറെ വളർച്ചയ്ക്കായി റിലയൻസ് ഇൻഡസ്ട്രീസ് 11,500 കോടി രൂപ നിക്ഷേപിക്കും.രാജ്യത്തെ ഏറ്റവും വലിയ ചാനൽ ശൃംഖലയും സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളും ഉൾപ്പെടുന്ന പുതിയ സംരംഭം രൂപീകരിക്കുന്ന ലയനം ഈ വർഷം ഫെബ്രുവരിയിലാണ് റിലയൻസ് ഇൻഡസ്ട്രസിൻറെ ഉപകമ്പനിയായ വയാകോം18നും ഡിസ്നിയുടെ ഇന്ത്യൻ യൂണിറ്റായ സ്റ്റാർ ഇന്ത്യയും പ്രഖ്യാപിച്ചത്. പുതിയ സംയുക്ത സംരംഭത്തിൻറെ ഡയറക്ടർ ബോർഡിൽ റിലയൻസ് ഇൻഡസ്ട്രീസിൻറെ അഞ്ച് പ്രതിനിധികളും ഡിസ്നിയുടെ മൂന്ന് പ്രതിനിധികളും രണ്ട് സ്വതന്ത്ര അംഗങ്ങളുമുണ്ടാകും. റിലയൻസ് ഇൻഡസ്ട്രീസിന് 46.82 ശതമാനം ഓഹരി പങ്കാളിത്തമുള്ള സംയുക്ത സംരംഭത്തിൽ നിത അംബാനി ചെയർപേഴ്സണും ഡിസ്നിയുടെ ഉദയ് ശങ്കർ വൈസ് ചെയർമാനുമാകും.ഏറ്റവും വലിയ വിപണി വിഹിതമുള്ള പുതിയ സംരംഭത്തിൽ ബിസിസിഐയുടെ ക്രിക്കറ്റ് മത്സരങ്ങളുടെ സംപ്രേഷണ അവകാശത്തിനൊപ്പം 120 ചാനലുകളും രണ്ട് പ്രധാന സ്ട്രീമിംഗ് സേവനങ്ങളുമാണുള്ളത്. നെറ്റ്ഫ്ളിക്സ്, സോണി, ആമസോൺ എന്നിവയ്ക്ക് റിലയൻസ്ഡിസ്നി കമ്പനി കനത്ത മത്സരം സൃഷ്ടിക്കും.

## വയനാട് ഉരുൾപൊട്ടൽ: മരിച്ച 36 പേരെ ഡിഎൻഎ പരിശോധനയിലൂടെ തിരിച്ചറിഞ്ഞു

**കൽപറ്റ:** ചൂരൽമല, മുണ്ടക്കൈ പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിൽ മരിച്ച 36 പേരെ ഡിഎൻഎ പരിശോധനയിലൂടെ തിരിച്ചറിഞ്ഞുവെന്ന് ജില്ലാ കലക്ടർ ഡി.ആർ.മേഘശ്രീ. 17 മൃതദേഹങ്ങളും 56 ശരീര ഭാഗങ്ങളുമുൾപ്പെടെ 73 സാംപിളുകളാണ് രക്ത ബന്ധുക്കളിൽനിന്നു ശേഖരിച്ച ഡിഎൻഎ സാംപിളുമായി യോജിച്ചത്. ഒരാളുടെ തന്നെ ഒന്നിൽ കൂടുതൽ ശരീരഭാഗങ്ങൾ ലഭിച്ചതായി പരിശോധനയിൽ സ്ഥിരീകരിച്ചിട്ടുണ്ട്. കണ്ണൂർ ഫൊറൻസിക് സയൻസ് ലബോറട്ടറിയിലാണു പരിശോധന നടത്തിയത്.

ഉരുൾപൊട്ടൽ ദുരന്തത്തെത്തുടർന്ന്, അവകാശികളില്ലാത്ത മൃതദേഹങ്ങളും ശരീര ഭാഗങ്ങളും സംസ്കരിക്കുന്നതിനും ഡിഎൻഎ പരിശോധനയ്ക്കു സാംപിളുകൾ ശേഖരിക്കുന്നതിനും പാലിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ചു സർക്കാർ വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്.

# പാലക്കാട്ട് വ്യവസായ സ്മാർട് സിറ്റി; 3806 കോടി ചെലവ്, 51,000 പേർക്ക് ജോലി

**കേന്ദ്രത്തിന്റെ ഓണസമ്മാനം**

**ന്യൂഡൽഹി** പാലക്കാട്ട് വ്യവസായ സ്മാർട് സിറ്റി തുടങ്ങാൻ കേന്ദ്ര സർക്കാരിന്റെ തീരുമാനം. രാജ്യത്തെ വ്യവസായ ഇടനാഴികളെ തമ്മിൽ ബന്ധിപ്പിച്ച് രാജ്യത്താകെ സ്ഥാപിക്കുന്ന 12 സ്മാർട്ട് സിറ്റികളിൽ ഒന്നാണ് പാലക്കാട്ട് വരുക. 3806 കോടി രൂപയാണ് പദ്ധതിക്കായി മുടക്കുക. ഇതിലൂടെ 51,000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ബുധനാഴ്ച ചേർന്ന കേന്ദ്ര മന്ത്രിസഭായോഗമാണ് പദ്ധതിക്ക് അനുമതി നൽകിയത്. പാലക്കാട് പുതുശ്ശേരിയിലാണ് സ്മാർട് സിറ്റി വരിക. സേലം കൊച്ചി ദേശീയപാതയോട് ചേർന്നാണിത്.

ഉത്തരാഖണ്ഡിലെ ഖുർപിയ, പഞ്ചാബിലെ രാജ്പുര പാട്യാല, മഹാരാഷ്ട്രയിലെ ദിഗ്ഗി, യുപിയിലെ ആഗ്ര, പ്രയാഗ് രാജ്, ബിഹാറിലെ ഗയ, തെലങ്കാനയിലെ സഹീറാബാഗ്, ആന്ധ്രയിലെ ഒർവാക്കൽ, കൊപ്പാർത്തി, രാജസ്ഥാനിലെ ജോധ്പുർ പാലി എന്നിവിടങ്ങളിലാണ് മറ്റ് സ്മാർട് സിറ്റികൾ വരുന്നത്. ആകെ 28,602 കോടി രൂപയാണ് ചെലവ്.

വികസിത് ഭാരത് പദ്ധതി പ്രകാരമാണ് വ്യവസായ സ്മാർട് സിറ്റികൾ വരുന്നത്. ഇതിലൂടെ 1.5 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാനാകുമെന്നാണ് പ്രതീക്ഷ. പദ്ധതികളിലൂടെ 12 ലക്ഷം പേർക്ക് നേരിട്ടും 20 ലക്ഷത്തിലേറെപ്പേർക്ക് പരോക്ഷമായും തൊഴിലവസരം ലഭിക്കും. രാജ്യത്തെ 100 നഗരങ്ങളിലോ നഗരങ്ങളോട് ചേർന്നോ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് വ്യവസായ പാർക്കുകൾ സ്ഥാപിക്കുമെന്ന് ബജറ്റിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു.

## അതിതീവ്ര ന്യൂനമർദ്ദം വ്യാഴാഴ്ച അറബിക്കടലിലെത്തും; സെപ്റ്റംബർ 1 വരെ ശക്തമായ മഴ

**തിരുവനന്തപുരം:** സംസ്ഥാനത്ത് വീണ്ടും മഴ കനക്കാൻ സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മുന്നറിയിപ്പ്. അതി തീവ്ര ന്യൂനമർദ്ദം സൗരാഷ്ട്ര കച്ച് മേഖലക്ക് മുകളിൽ സ്ഥിതി ചെയ്യുന്നു.

വ്യാഴാഴ്ച രാവിലെയോടെ സൗരാഷ്ട്ര കച്ച് തീരത്തിനു സമീപം വടക്ക് കിഴക്കൻ അറബിക്കടലിൽ എത്തിച്ചേരാൻ സാധ്യതയുള്ളതിനാൽ കേരളത്തിൽ ഇന്നു മുതൽ അടുത്ത 5 ദിവസം വ്യാപകമായി മിതമായ ഇടത്തരം മഴയ്ക്ക് സാധ്യതയെന്നാണ് അറിയിപ്പ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഓഗസ്റ്റ് 30 ന് അതി ശക്തമായ മഴയ്ക്കും സെപ്റ്റംബർ 1 വരെ ശക്തമായ മഴയ്ക്കും സാധ്യ



തയെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ അറിയിപ്പ്.

ഇതുകൂടാതെ മധ്യ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദ്ദ പാത്തി സ്ഥിതി ചെയ്യുന്നു. ഇതേ തുടർന്ന് ഇന്ന് കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് അലർട്ടാണ്. എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർക്കോട് ജില്ലകളിലാണ് യെലോ മുന്നറിയിപ്പുമുണ്ട്.

ഇന്ന് കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥവകുപ്പ് അറിയിച്ചിട്ടുണ്ട്. കേരള ലക്ഷദ്വീപ് തീരങ്ങളിലും കർണാടക തീരത്തും 2024 ഓഗസ്റ്റ് 31 വരെയും മത്സ്യബന്ധനത്തിന് വിലക്കുണ്ട്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ശ്രീ സുധീന്ദ്ര ആശുപത്രിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ

**കൊച്ചി :** ശ്രീ സുധീന്ദ്ര ആശുപത്രിയിൽ വിവിധ രോഗങ്ങൾക്ക് സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സെപ്തംബർ ഒന്നിന് വെരിക്കോസ് വെയിൻ, പൈൽസ് എന്നിവയ്ക്കും, എട്ടിന് അസ്ഥിരോഗ വിഭാഗത്തിന്റെയും , 29 ന് വെൽനെസ് വിഭാഗത്തിന്റെയും ആഭിമുഖ്യത്തിലാണ് സൗജന്യ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് സൗജന്യ പരിശോധനയും, തുടർ ചികിത്സ ആവശ്യമുള്ളവർക്ക് ശസ്ത്രക്രിയയും മറ്റു ടെസ്റ്റുകളും സൗജന്യ നിരക്കിലും ലഭ്യമാക്കുമെന്ന് അധികൃതർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും 04844077400,3512123,7025350481 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രി സ്ഥാപകനും കാശി മഠാധിപതിയുമായിരുന്ന ശ്രീമദ് സുധീന്ദ്ര തീർഥ സ്വാമികളുടെ ജന്മ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

# ഒ.ബി.സി.വിദ്യാർത്ഥികൾക്ക് സൗജന്യ പഠനം

**കൊച്ചി :** കേരള സംസ്ഥാന പിന്നാക്ക സമുദായ വികസന വകുപ്പ് (ബി.സി.ഡി.ഡി) നടപ്പിലാക്കുന്ന സൗജന്യ അഡ്വാൻസ്ഡ് ആട്ടോമൊബൈൽ എഞ്ചിനീയറിങ് കോഴ്സുകളിലേയ്ക്ക് അപേക്ഷക്ഷണിച്ചു. ഓട്ടോമൊബൈൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, എം.എം.വി, ഫിറ്റർ, ഡീസൽ മെക്കാനിക്ക് എന്നീ കോഴ്സുകളിലേയ്ക്ക് ഐ.ടി.ഐ., ഡിപ്ലോമ, ബിടെക് പാസായവർക്ക് അപേക്ഷിക്കാം. സെപ്റ്റംബർ മാസത്തിലെ ബാച്ചിലേയ്ക്കാണ് പ്രവേശനം. പിന്നാക്ക സമുദായ വികസന വകുപ്പിന്റെ എറണാകുളം, കോഴിക്കോട്, പാലക്കാട്, കൊല്ലം മേഖലാ ഓഫീസുകളിൽ ഇന്റർവ്യൂ നടത്തിയാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുക. പരിശീലനകാലത്ത് 40000/രൂപ സ്റ്റൈപ്പന്റ് ലഭിക്കും,. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര നൈപുണ്യ മന്ത്രാലയത്തിന്റെ (എൻ.എസ്.ഡി.സി) സർട്ടിഫിക്കറ്റും തുടർന്ന് ജോലിയും ഉറപ്പാക്കുന്നതാണ് പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് 9387580023,9846019500,9633777330

# ഐടിഐ അസറ്റ് മാനേജ്മെന്റ് കമ്പനി ലാർജ് ആന്റ് മിഡ് ക്യാപ് ഫണ്ട് ആരംഭിക്കുന്നു

**കൊച്ചി:** ഐടിഐ അസറ്റ് മാനേജ്മെന്റ് കമ്പനി ലിമിറ്റഡ് (ഐടിഐ എഎംസി) ഐടിഐ ലാർജ് ആന്റ് മിഡ് ക്യാപ് ഫണ്ടിന്റെ ആരംഭം പ്രഖ്യാപിച്ചു. ഇക്വിറ്റി, ഇക്വിറ്റി സംബന്ധിയായ സെക്യൂരിറ്റികളിൽ ഏർപ്പെട്ടിരിക്കുന്ന മികച്ച 250 കമ്പനികളിൽ നിക്ഷേപിക്കുന്ന ഒരു ഓപ്പൺഎൻഡ് സ്കീമാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. സ്കീം 2024 ഓഗസ്റ്റ് 21ന് സബ്സ്ക്രിപ്ഷനായി തുറക്കുകയും 2024 സെപ്റ്റംബർ 4ന് അവസാനിക്കുകയും ചെയ്യുമെന്ന് ഐടിഐ എഎംസിയിലെ ഫണ്ട് മാനേജർ വിശാൽ ജാജൂ പറഞ്ഞു.ഈ മേഖലയിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന കമ്പനികളിൽ നിക്ഷേപം നടത്തി ദീർഘകാല മൂലധന വളർച്ച വാഗ്ദാനം ചെയ്യാനും നിക്ഷേപകർക്ക് വൈവിധ്യവൽക്കരണത്തിലേക്കും മൂലധന വിലമതിപ്പിലേക്കും വഴിയൊരുക്കാനും എംഎഫ് സ്കീം ലക്ഷ്യമിടുന്നു. 13 വർഷത്തിലേറെയായി ഐടിഐ മ്യൂച്വൽ ഫണ്ടുമായി ബന്ധമുള്ളവരും വിപണിയെക്കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ചയുള്ളവരുമായ ഇക്വിറ്റി ഫണ്ട് മാനേജർമാരായ വിശാൽ ജാജൂവും രോഹൻ കോർഡെയുമാണ് ഫണ്ട് കൈകാര്യം ചെയ്യുന്നത്.




# സൂപ്പർ ലീഗ് കേരള: കിക്ക് ഓഫ് സെപ്റ്റംബർ 7ന്

**കൊച്ചി:** കേരളത്തിലെ ഫുട്ബോൾ കളിയാരവങ്ങൾക്ക് ആവേശം തീർക്കാൻ എത്തുന്ന ആദ്യ സൂപ്പർ ലീഗ് കേരളയുടെ കിക്ക് ഓഫ് സെപ്തംബർ ഏഴിന് നടക്കുമെന്ന് സൂപ്പർ ലീഗ് കേരള ഡയറക്ടർ ഫിറോസ് മീരാൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മൽസരത്തിനായി കേരളം ഒന്നാകെ പൂർണ്ണ സജ്ജരായിരിക്കുകയാണെന്നും എല്ലാ ഒരുക്കങ്ങളും പൂർത്തിയായിവരുന്നതായും അദ്ദേഹം പറഞ്ഞു. ടൈറ്റിൽ സ്പോൺസറായെത്തുക മഹീന്ദ്രയാണ്. മഹീന്ദ്ര സൂപ്പർ ലീഗ് കേരള എന്നായിരിക്കും കേരളത്തിന്റെ ആദ്യ ഫുട്ബോൾ ലീഗ് അറിയപ്പെടുക.സെപ്തംബർ 7ന് വൈകുന്നേരം 7.30 ന് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് ലീഗിന്റെ തുടക്കം. ഫോഴ്സാ കൊച്ചി എഫ്സിയും മലപ്പുറം എഫ്സിയും തമ്മിലാണ് ആദ്യ മത്സരം. ഉദ്ഘാടനത്തിന് ഇന്ത്യയിലെ പ്രമുഖ താരങ്ങൾ സാക്ഷിയാകും. വിവിധ കലാപരിപാടികളും ഉണ്ടാകും 33 മത്സരങ്ങളാകും ലീഗിൽ ഉണ്ടാകുക. മത്സരങ്ങളുടെ തത്സമയ സംപ്രേഷണം സ്റ്റാർട്ട് സ്പോർട്സ് 1 ൽ ഉണ്ടാകും വെബ് സ്ട്രീമിംഗ് ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാറിലും ലഭിക്കും. ലീഗിന്റെ മിഡിൽ ഈസ്റ്റ് സംപ്രേഷണ അവകാശത്തിനുള്ള അവസാനവട്ട ചർച്ചയിലാണെന്നും ഫിറോസ് മീരാൻ പറഞ്ഞു. ടിക്കറ്റുകൾ പേടിഎം വഴി ബുക്ക് ചെയ്യാം. ഉദ്ഘാടന മത്സരത്തിന്റെ ടിക്കറ്റുകൾ ഇന്ന് മുതൽ ബുക്ക് ചെയ്യാം. വയനാട് ദുരിതബാധിതരെ സഹായിക്കുന്നതിനായി ഈ മാസം 30ന് മലപ്പുറം മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ വെച്ച് ചാരിറ്റി മത്സരം സംഘടിപ്പിക്കുമെന്ന് മഹീന്ദ്ര സൂപ്പർ ലീഗ് കേരള സിഇഒ മാത്യു ജോസഫ് പറഞ്ഞു. ചാരിറ്റി മത്സരത്തിന്റെ ഭാഗമായി ലഭിക്കുന്ന മുഴുവൻ തുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വയനാടിന്റെ പുനഃനിർമ്മാണത്തിനായി നൽകുമെന്നും അദ്ദേഹം അറിയിച്ചു. കളിക്ക് പുറത്തും മനുഷ്യജീവിതങ്ങളെ പിന്തുണക്കേണ്ടതും കഷ്ടതയനുഭവിക്കുന്നവർക്ക് താങ്ങായി നിൽക്കേണ്ടത് ഓരോ കളിക്കാരന്റെയും കാണിയുടെയും ഉത്തരവാദിത്തമാണ് എന്ന ബോധ്യത്തിലാണ് മഹിന്ദ്ര സൂപ്പർ ലീഗ് കേരള ചാരിറ്റി ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്നതെന്ന് സിഇഒ മാത്യു ജോസഫ് പറഞ്ഞു. മഹിന്ദ്ര സൂപ്പർ ലീഗ് കേരളയുടെ ഭാഗമായി മാധ്യമ അവാർഡുകളും ഏർപ്പെടുത്തി. പത്രം, ടെലിവിഷൻ, ഓൺലൈൻ വിഭാഗങ്ങളിലെ മികച്ച റിപ്പോർട്ടർ, ക്യാമറാമാൻ എന്നിവർക്ക് ഒരു ലക്ഷവും, 50000 രൂപയുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഫുട്ബോൾ വെറുമൊരു കളി മാത്രമല്ല, അത് ഒരുമയുടെ പ്രതീകമാണ്. യുവ പ്രതിഭകൾക്ക് അവസരങ്ങൾ നൽകി സൂപ്പർ ലീഗ് കേരള ഇന്ത്യൻ ഫുട്ബോളിൽ ഒരു പുതിയ മാനദണ്ഡം സ്ഥാപിക്കാനൊരുങ്ങുകയാണ്. കേരളത്തിലെ ഫുട്ബോളിന് മാത്രമല്ല, രാജ്യത്താകെ ഫുട്ബോളിനെ മാറ്റത്തിന്റെ പാതയിലേക്ക് നയിക്കാൻ സൂപ്പർ ലീഗ് കേരളക്ക് കഴിയുമെന്ന് കേരള ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാൻ പറഞ്ഞു. ഫോഴ്സാ കൊച്ചി എഫ്സി, മലപ്പുറം എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എഫ്സി, കണ്ണൂർ വാരിയേഴ്സ് എഫ്സി, കാലിക്കറ്റ് എഫ്സി, തൃശൂർ എഫ്സി എന്നിങ്ങനെ ആറ് ഫ്രാഞ്ചൈസി ടീമുകളാണ് പ്രഥമ സൂപ്പർ ലീഗ് കേരളയിൽ മത്സരിക്കുക. 45 ദിവസം നീണ്ടു നിൽക്കുന്നതാണ് മഹിന്ദ്ര സൂപ്പർ ലീഗ് കേരള. സൂപ്പർ ലീഗ് കേരള സിഇഒ മാത്യു ജോസഫും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ആക്സിയ ക്യാമ്പസ് കണക്ട്: എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുമായി സംവദിച്ച് സ്റ്റെഫാൻ ജുറാഷേക്

**തിരുവനന്തപുരം:** ലോകത്തെ ഏറ്റവും അറിയപ്പെടുന്ന വാഹനനിർമാതാക്കളിൽ ഒന്നായ ബിഎംഡബ്ല്യുവിനെ ആധുനിക ഇലക്ട്രിക്ക് വാഹനയുഗത്തിലേക്ക് നയിച്ച സ്റ്റെഫാൻ ജുറാഷേക് തിരുവനന്തപുരത്ത് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുമായി സംവദിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക് ആൻഡ് ഇലക്ട്രിക്കൽ എഞ്ചിനീയേഴ്സ് (ഐഇഇഇ), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, സൊസൈറ്റി ഓഫ് ഓട്ടോമോട്ടീവ് എഞ്ചിനീയേഴ്സ് (എസ്എഇ) ഇന്ത്യ എന്നിവയുടെ സഹകരണത്തോടെ തിരുവനന്തപുരത്തെ കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നടന്ന പരിപാടിയിൽ വിവിധ കോളജുകളിൽ നിന്നുള്ള 160ലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ബിഎംഡബ്ല്യുവിന്റെ ഇലക്ട്രിക്ക് വാഹനങ്ങളുടെ പിതാവ് എന്നാണ് ആഗോളവേദികളിൽ സ്റ്റെഫാൻ ജുറാഷേക് അറിയപ്പെടുന്നത്. നിലവിൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ആഗോള വാഹനസോഫ്ട്വെയർ നിർമാതാക്കളായ ആക്സിയ ടെക്നോളജീസിന്റെ നയതന്ത്ര ഉപദേഷ്ടാവാണ് അദ്ദേഹം. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന വാഹനവിപണിയെക്കുറിച്ചുള്ള ആഴത്തിലുള്ള ഉൾക്കാഴ്ചകൾ പങ്കുവെച്ചുകൊണ്ട് അദ്ദേഹം കാണികളെ അത്ഭുതപ്പെടുത്തി. ഇലക്ട്രിക്ക് വാഹനരംഗത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ശ്രദ്ധേയമായിരുന്നു. പുതുമകൾ, നിരന്തരപ്രയത്നം, കൂട്ടായപ്രവർത്തനങ്ങൾ എന്നിവയാണ് വാഹനവിപണിയുടെ ഭാവി പടുത്തുയർത്തുന്ന ഘടകങ്ങളെന്ന് അദ്ദേഹം പറഞ്ഞു.




ഡിജിറ്റൽ കോക്ക്പിറ്റുകൾ, ഡിസ്പ്ളേകൾ, ഇലക്ട്രിക് ഗതാഗത സംവിധാനങ്ങൾ, ടെലിമാറ്റിക്സ് എന്നിവയുടെപ്രവർത്തനങ്ങൾക്കാവശ്യമായ സവിശേഷ സോഫ്ട്!വെയറുകൾ നിർമിക്കുന്ന ആക്സിയ ടെക്നോളജീസാണ് 'ആക്സിയ ഇൻഡസ്ട്രി ക്യാമ്പസ് കണക്ട് പ്രോഗ്രാം' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചത്.

# എഐ വാഷിംഗ് മെഷീനുകൾ പുറത്തിറക്കി സാംസങ്




**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും പ്രമുഖ ഉപഭോക്തൃ ഇലക്ട്രോണിക് ബ്രാൻഡായ സാംസങ് 10 ലാർജ് സൈസ്, ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീനുകൾ പുറത്തിറക്കി.12 കിലോഗ്രാം ശേഷിയുള്ളതിനാൽ ഒരു സമയം തന്നെ വലിയ അളവിലുള്ള ധാരാളം തുണികൾ കഴുകാൻ സാധിക്കുന്നു. പുതപ്പുകൾ, കർട്ടനുകൾ, സാരികൾ തുടങ്ങിവയുടെ കഴുകൽ ഇത് വളരെ എളുപ്പത്തിലാക്കുന്നു. 52,990 രൂപ മുതലാണ് ഈ വാഷിംഗ് മെഷീനിന്റെ വില ആരംഭിക്കുന്നത്. ഫ്ളാറ്റ് ഗ്ലാസ് ഡോർ, എഐ വാഷ്, എഐ എനർജി, എഐ കൺട്രോൾ, എഐ ഇക്കോബബ്ബിൾ തുടങ്ങിയ നൂതന ഫീച്ചറുകളോടെയാണ് രൂപകൽപനയെന്ന് സാംസങ് ഇന്ത്യ ഡിജിറ്റൽ അപ്ലൈയൻസസ് സീനിയർ ഡയറക്ടർ സൗരഭ് ബൈശാഖിയ പറഞ്ഞു.ഊർജ്ജവും സമയവും ലാഭിച്ച് വളരെ എളുപ്പത്തിൽ മികച്ച രീതിയിൽ വസ്ത്രം അലക്കാൻ സാധിക്കുന്ന ഡിജിറ്റൽ ഉപകരണങ്ങളാണ് ഇന്ത്യൻ ഉപഭോക്താക്കൾ അന്വേഷിക്കുന്നതെന്നും സൗരഭ് ബൈശാഖിയ പറഞ്ഞു. തങ്ങളുടെ പുതിയ എഐ അധിഷ്ഠിത 12 സഴ വാഷിംഗ് മെഷീൻ ഇതിന് മികച്ച കണ്ടെത്തലാണ്. അനായാസേനയുള്ള മെച്ചപ്പെട്ട ജീവിതം ഇത് സാധ്യമാക്കുന്നു. ഫ്രണ്ട് ലോഡ് എഐ വാഷിംഗ് മെഷീൻ കാര്യക്ഷമവും സൗകര്യപ്രദവുമായ അലക്കൽ പ്രദാനം ചെയ്യുന്നു. എഐ അധിഷ്ഠിത മെഷീൻ റേഞ്ച് ഉപയോഗിച്ച് മികച്ച ശൈലിയും പ്രകടനവും പ്രതീക്ഷിക്കുന്ന ഉപഭോക്താക്കളെ തൃപ്തിപ്പെടുത്താനും ഉന്നത ശേഷിയുള്ള വാഷിംഗ് മെഷീൻ വിഭാഗത്തിൽ മുൻതൂക്കം നേടാനുമാണ് തങ്ങൾ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.52,990 രൂപ മുതൽ 74,990 രൂപ വരെയാണ് ഈ വാഷിംഗ് മെഷീനിന്റെ വില. സാംസങ് ഫിനാൻസ് + ന്റെ സഹായത്തോടെ കുറഞ്ഞ ഇഎംഐകളിൽ ഉപഭോക്താക്കൾക്ക് പുതിയ വാഷിംഗ് മെഷീനുകൾ എളുപ്പത്തിൽ വാങ്ങാൻ സാധിക്കും. സാംസങ് ഫിനാൻസ് + എന്നത് ഒരു ഡിജിറ്റൽ, പേപ്പർലെസ് ഫിനാൻസിംഗ് പ്ലാറ്റ്ഫോമാണ്. മിനിറ്റുകൾക്കുള്ളിൽ ഇതിലൂടെ ലോൺ ലഭ്യമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.




# തനിഷ്കും ഡി ബിയേഴ്സും കൈകോർക്കുന്നു

**കൊച്ചി:** ലോകത്തിലെ പ്രമുഖ ഡയമണ്ട് കമ്പനികളിലൊന്നായ ഡി ബിയേഴ്സ് ഗ്രൂപ്പും ഇന്ത്യയിലെ ഏറ്റവും വലിയ ജ്വല്ലറി റീട്ടെയിൽ ബ്രാൻഡായ തനിഷ്കും ദീർഘകാല സഹകരണം പ്രഖ്യാപിച്ചു. പ്രകൃതി ദത്ത ഡയമണ്ടുകൾ ഇന്ത്യൻ ഉപയോക്താക്കളിലേക്ക് എത്തിക്കുന്നതിനും ഇന്ത്യൻ വിപണിയിൽ വളർന്ന് വരുന്ന അവസരങ്ങൾ പ്രയോജപ്പെടുത്താനുമാണ് സഹകരണം ലക്ഷ്യമിടുന്നതെന്ന് ഡി ബിയേഴ്സ് ബ്രാൻഡ് സിഇഒ സാൻഡ്രീൻ കോൺസീലർ, ടൈറ്റൻ കമ്പനി ലിമിറ്റഡിൻറെ ജ്വല്ലറി ഡിവിഷൻ സിഇഒ അജോയ് ചൗള എന്നിവർ പറഞ്ഞു.

ഇന്ത്യൻ ഉപയോക്താക്കളിൽ നിന്ന് സ്വാഭാവിക വജ്രാഭരണങ്ങൾക്കുള്ള ഡിമാൻഡ് ഉയർന്ന് വരുന്നുണ്ട്. ആഗോള ഡിമാൻഡിൻറെ 11 ശതമാനവും ഇന്ത്യൻ ഉപയോക്താക്കളുടെതാണ്. പ്രകൃതി ദത്ത വജ്രാഭരണങ്ങളുടെ ലോകവിപണിയിൽ ചൈനയെ പിന്തള്ളി ഇന്ത്യ ഇന്ത്യ രണ്ടാം സ്ഥാനത്തെത്തിയിരിക്കുകയാണ്. ഈ വളർച്ചാ അവസരം പ്രയോജനപ്പെടുത്താനാണ് തനിഷ്കും ഡി ബിയേഴ്സും ദീർഘകാല സഹകരണത്തിന് തുടക്കമിടുന്നത്.

ഡയമണ്ടുകളോടുള്ള ഇന്ത്യയുടെ അഭിനിവേശം ആയിരക്കണക്കിന് വർഷങ്ങളായിട്ടുള്ളതാണെന്നും ഈ വിപണിയിലെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്താൻ തനിഷ്കുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്നും ഡി ബിയേഴ്സ് ബ്രാൻഡ് സിഇഒ സാൻഡ്രീൻ കോൺസീലർ പറഞ്ഞു. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യത്ത് ഡയമണ്ടുകളുടെ അവസരം വളരെ വലുതാണെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡിൻറെ ജ്വല്ലറി ഡിവിഷൻ സിഇഒ അജോയ് ചൗള പറഞ്ഞു.

# എൻസിഡികളുടെ പുതിയ സീരീസ് പ്രഖ്യാപിച്ച് മുത്തൂറ്റ് ഫിൻകോർപ്പ്

**കൊച്ചി:** മുത്തൂറ്റ് ഫിൻകോർപ്പ് സെക്യേർഡ്, റിഡീമബിൾ വിഭാഗത്തിൽ പെട്ട ആയിരം രൂപ വീതം മുഖവിലയുള്ള ഓഹരികളാക്കി മാറ്റാനാവാത്ത കടപത്രങ്ങളിലൂടെ (എൻസിഡി) 350 കോടി രൂപ സമാഹരിക്കുമെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു. രണ്ടായിരം കോടി രൂപയാവും ഇതിൻറെ മൊത്തം പരിധി. കമ്പനിയുടെ പതിനേഴാമത് എൻസിഡി വിതരണമാണിത്. 100 കോടി രൂപയുടെ അടിസ്ഥാന സമാഹരണവും ഗ്രീൻ ഷൂ ഓപ്ഷനിലൂടെ 250 കോടി രൂപ വരെ അധിക സമാഹരണവും നടത്താനുള്ള അവകാശത്തിൻറെ അടിസ്ഥാനത്തിലാവും ആകെ 350 കോടി രൂപ ശേഖരിക്കുക. ആയിരം രൂപ വീതം മുഖവിലയുള്ള ഈ എൻസിഡികൾ 2024 ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ പത്തു വരെയാവും പൊതുജനങ്ങൾക്കു വാങ്ങാനാവുക. കമ്പനി ഡയറക്ടർ ബോർഡിൻറേയോ ഓഹരി അനുവദിക്കൽ കമ്മിറ്റിയുടേയോ തീരുമാനമനുസരിച്ചും സെബിയുടെ 33 എ റെഗുലേഷൻ അനുസരിച്ചുള്ള ആവശ്യമായ അനുമതികളുടെ അടിസ്ഥാനത്തിലും ഇതു നേരത്തെ തന്നെ അവസാനിപ്പിക്കാനും സാധിക്കും.ട്രാഞ്ച് ഒന്നിനു കീഴിലുള്ള ഈ എൻസിഡികൾ 24, 36, 60, 72, 90 മാസ കാലാവധികൾ ഉള്ളതും പ്രതിമാസ, വാർഷിക രീതികളിലോ അല്ലെങ്കിൽ കാലാവധിക്കു ശേഷമോ യീൽഡ് നൽകുന്നതും ആയിരിക്കും. 9.38 ശതമാനം മുതൽ 10.10 ശതമാനം വരെ പ്രതിവർഷ ഫലപ്രദ യീൽഡാവും ഉണ്ടാകുക. ക്രിസിൽ എഎ/സ്റ്റേബിൾ റേറ്റിങാണ് ഇതിനുള്ളത്. ബിഎസ്ഇയുടെ കടപത്ര വിപണി വിഭാഗത്തിൽ ഇതു ലിസ്റ്റു ചെയ്യാനും ഉദ്ദേശിക്കുന്നുണ്ട്. തുടർ വായ്പ, ഫിനാൻസിങ്, കമ്പനിയുടെ നിലവിലുള്ള വായ്പാ തുകയും പലിശയും തിരിച്ചടക്കൽ, പൊതു കോർപ്പറേറ്റ് ആവശ്യങ്ങൾ തുടങ്ങിയവയ്ക്കാണ് ഇതിലൂടെ സമാഹരിക്കുന്ന തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# പാരാലിമ്പിക് ഗെയിംസ് ജിയോസിനിമ തത്സമയം സ്ട്രീം ചെയ്യും

**മുംബൈ:** പാരീസ് ഒളിംപിക്സ് 2024ന്റെ ചരിത്രപരമായ അവതരണത്തിന് തൊട്ടുപിന്നാലെ, ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 8 വരെ ഫ്രഞ്ച് തലസ്ഥാനത്ത് നടക്കുന്ന പാരാലിമ്പിക് ഗെയിംസ് പാരീസ് 2024ൽ ജിയോസിനിമ തത്സമയം സംപ്രേക്ഷണം ചെയ്യുമെന്ന് വയാകോം 18 പ്രഖ്യാപിച്ചു.

ജിയോ സിനിമ , സ്പോർട്സ് 18 നെറ്റ്വർക്കിൽ ഇവന്റിന്റെ തത്സമയ കവറേജും 12 ദിവസത്തെ ഇവന്റിന്റെ ദൈനംദിന ഹൈലൈറ്റുകളും പ്രദർശിപ്പിക്കും.

1500 കോടി മിനുട്ടുകളിലധികം വീക്ഷണ സമയവും പ്ലാറ്റ്ഫോമുകളിലുടനീളം 17 കോടിയിലധികം കാഴ്ചക്കാരെയും നേടി, സമഗ്രമായ ഒളിമ്പിക് അവതരണ റിപ്പോർട്ട് പ്രഖ്യാപിച്ച് ദിവസങ്ങൾക്ക് ശേഷമാണ് വയാകോം 18 പാരാലിമ്പിക് ഗെയിംസ് പാരീസ് 2024ന്റെ പ്രഖ്യാപനം നടത്തുന്നത്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇസാഫ് ബാങ്ക് ഇനോറി റുപേ പ്ലാറ്റിനം ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചു

**കൊച്ചി:** കേരളം ആസ്ഥാനമായുള്ള ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ഇനോറി റുപേ പ്ലാറ്റിനം ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി (എൻപിസിഐ) സഹകരിച്ച് രൂപകൽപ്പന ചെയ്ത പ്രീമിയം കാർഡിൽ ഉപഭോക്താക്കൾക്ക് പ്രത്യേക ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്യുന്നുണ്ട്. 'ഇനോറി', എന്ന ജാപ്പനീസ് പദത്തിന് 'പ്രതീക്ഷ' എന്നർത്ഥം. ഇടപാടുകാർക്ക് നൂതനമായ സേവനങ്ങളാണ് കാർഡ് വാഗ്ദാനം ചെയ്യുന്നത്. എൻപിസിഐയുടെ സുരക്ഷയും റുപേ നെറ്റ്‌വർക്കിന്റെ പിന്തുണയുള്ള കാർഡ് ദൈനംദിന വാങ്ങലുകൾക്കടക്കം ഉയർന്ന സേവനങ്ങളാണ് ഉറപ്പാക്കുന്നതെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ എംഡിയും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു.പ്രതിമാസ ഇടപാടുകൾക്ക് ആകർഷകമായ ക്യാഷ്ബാക്ക് ഓഫറുകളും 2 ലക്ഷം രൂപ വരെയുള്ള സമഗ്ര ഇൻഷുറൻസ് പരിരക്ഷയും ഉൾപ്പെടെ നിരവധി റിവാർഡുകൾ കാർഡ് ഉടമകൾക്ക് ലഭിക്കും. കൂടാതെ, കാർഡ് എക്സ്ക്ലൂസീവ് മർച്ചന്റ് ഓഫറുകളും ആഗോള സ്വീകാര്യതയും നൽകുന്നു. യാത്ര, ഡൈനിംഗ്, ലൈഫ് സ്റ്റൈൽ തുടങ്ങിയ വ്യക്തിഗത ആവശ്യങ്ങൾക്കായുള്ള നിരവധി സേവനങ്ങൾ റൂപേ പ്ലാറ്റിനം ക്രെഡിറ്റ് കാർഡ് വാഗ്ദാനം ചെയ്യുന്നു.

കാർഡ് വിപണിയിയിൽ ഇറക്കുന്നതിന് എൻസിപിഐയുമായി പങ്കാളിയാകുന്നതിൽ അഭിമാനിക്കുന്നു, കൂടാതെ ഉപഭോക്താക്കളുടെ സാമ്പത്തിക യാത്ര മെച്ചപ്പെടുത്തുമെന്നും സമാനതകളില്ലാത്ത നേട്ടങ്ങളും മികച്ച ബാങ്കിംഗ് അനുഭവവും നൽകുമെന്നും ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മുംബൈ ഗ്ലോബൽ ഫിൻടെക് കോൺക്ലേവിൽ, എൻ പി സി ഐ, റിലേഷൻഷിപ്പ് മാനേജ്മെന്റ് ആൻറ് മാർക്കറ്റിംഗ് ചീഫ് രജീത് പിള്ള, ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ചെയർമാൻ പി ആർ രവി മോഹൻ, എംഡിയും സിഇഒയുമായ കെ പോൾ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ ജോർജ്ജ് കെ ജോൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു



# തൊഴിലാളികളെ നേരിൽ കാണാൻ വീണ്ടും ബി.കെ പട്ടോഡിയ എത്തി

**ആലുവ:** കേരളത്തിന്റെ വ്യവസായ വൽത്കരണത്തിന്, പ്രത്യേകിച്ച് ടെക്സ്റ്റൈൽ മേഖലയുടെ നിലനിൽപ്പിനും, പുരോഗതിക്കും, വലിയ സംഭാവന നൽകിയ പട്ടോഡിയ ഗ്രൂപ്പിന്റെ ചെയർമാൻ ബി.കെ പട്ടോഡിയ തന്റെ തൊഴിലാളികളെ നേരിൽ ഒരിക്കൽ കൂടി കാണുവാൻ നാട്ടിൽ എത്തി. 1964മുതൽ നീണ്ട 60 വർഷക്കാലത്തിനകത്ത് നിരവധി സ്ഥാപനങ്ങൾക്ക് രൂപം നൽകുവാൻ കഴിഞ്ഞെങ്കിലും, ആദ്യസ്ഥാപനമായ കീഴ്മാട് ജിടിഎൻ ടെക്സ്റ്റൈൽസിലൂടെയാണ് ഈ നേട്ടങ്ങളുട അടിത്തറയെന്നും അദ്ദേഹം തൊഴിലാളി നേതൃത്വത്തോടുള്ള കൂടിക്കാഴ്ച്ച സമയത്ത് ചൂണ്ടിക്കാട്ടി. ജിടിഎൻ ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ട് രണ്ട് വർഷക്കാലം പിന്നിടുകയും ചെയ്തതിന് ശേഷം ആണ് ചെയർമാനും മാനേജിങ് ഡയറക്ടറും ആയ സിഎംഡി തൊഴിലാളികളെ നേരിൽ കാണുവാൻ ഇവിടെ എത്തിയത്, ബോംബയിൽ സ്ഥിര താമസമാക്കിയ ഈ 84 കാരൻ കുളുമുറിയിൽ വീണതിനെ തുടർന്ന് നടക്കുവാൻ സാധിക്കാത്തത് കാരണം വീൽചെയറിൽ ആണ് എത്തിചേർന്നത് പിന്നീട് വരാമെന്നും ആലുവയോടും കീഴ്മാടിനോടും കൂപ്പുകയ്കളോടെ നന്ദി പറഞ്ഞാണ് അദ്ദേഹം മുംബൈയ്ക്ക് മടങ്ങിയത്. ബി.കെ പട്ടോഡിയയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉമംഗ് പാട്ടോഡിയ (എംഡി), രാജഗോപാൽ,അഡ്വ:ശശി പ്രകാശ്, (റിട്ട:ജോയിന്റ് ലേബർ കമ്മീഷണർ ), ട്രേഡ് യൂണിയൻ നേതാക്കളായ വി.പി ജോർജ്, ബാബു പുത്തനങ്ങാടി, കെ വി മധുകുമാർ,പ്രേമാനന്ദൻ, ബാവ കുഞ്ഞ് ഉൾപ്പെടെ സ്ഥാപനത്തിലെ ട്രേഡ് യൂണിയൻ നേതാക്കളും മാനേജ്മെന്റ് പ്രതിനിധികളും പങ്കെടുത്തു.



# കെയുഡബ്ല്യുജെ സംസ്ഥാന സമ്മേളനം: 501 അംഗ സ്വാഗതസംഘം രൂപീകരിച്ചു

**കൊച്ചി**: സെപ്തംബർ അവസാനവാരം കൊച്ചിയിൽ നടക്കുന്ന കേരള പത്രപ്രവർത്തക യൂണിയൻ (കെ.യു.ഡബ്ല്യു.ജെ) അറുപതാം സംസ്ഥാന സമ്മേളനത്തിന്റെ വിജയത്തിനായി 501 അംഗ സ്വാഗത സംഘം രൂപീകരിച്ചു. എറണാകുളം ഗസ്റ്റ് ഹൗസ് ഹാളിൽ നടന്ന യോഗം വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാരിന്റെ ഡൽഹി പ്രതിനിധി കെ.വി തോമസ്, ടി.ജെ വിനോദ് എംഎൽഎ, കേരള കോൺഗ്രസ് സംസ്ഥാന വർക്കിങ് ചെയർമാൻ പി.സി തോമസ്, ഡിസിസി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് അഡ്വ വി.ഇ അബ്ദുൽ ഗഫൂർ, ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് എ.എൻ രാധാകൃഷ്ണൻ, കെ.യു.ഡബ്ല്യു.ജെ സംസ്ഥാന പ്രസിഡന്റ് എം.വി വിനീത, ജനറൽ സെക്രട്ടറി ആർ.കിരൺബാബു, എറണാകുളം കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) എന്നിവർ പ്രസംഗിച്ചു. ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പൊതുപ്രവർത്തകർ, കെയുഡബ്ല്യുജെ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. എറണാകുളം പ്രസ് ക്ലബ്ബ് പ്രസിഡന്റ് ആർ.ഗോപകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി എം.ഷജിൽ കുമാർ സ്വാഗതവും ട്രഷറർ അഷ്റഫ് തൈവളപ്പ് നന്ദിയും പറഞ്ഞു. മന്ത്രി പി.രാജീവ്, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവരാണ് സ്വാഗതസംഘം മുഖ്യരക്ഷാധികാരികൾ. മേയർ,എംപിമാർ, എംഎൽഎമാർ, ജനപ്രതിനിധികൾ എന്നിവരെ ചെയർമാൻമാരാക്കി വിവിധ സബ് കമ്മിറ്റികൾക്കും യോഗം രൂപം നൽകി.

# ഐഇഎൽടിഎസ് പരീക്ഷാ പരിശീലനം

കൊച്ചി: കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ് ആൻഡ് അസസ്മെന്റ് (സിയുപിഎ) ഐഇഎൽടിഎസ് പരീ ക്ഷയുടെ ഒരുക്കത്തിനുള്ള പ്രായോഗിക പരീക്ഷാപ രിശീലന പദ്ധതി ആരംഭിച്ചു. ന്യൂഡൽഹിയിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ് ആൻഡ് അസസ്മെന്റിലെ കംബൈൻഡ് ഇംഗ്ലീഷ്സൗത്ത് ഏഷ്യ വിഭാഗം മേധാവി ടി.കെ. അരുണാചലമാണു പരിപാടി അവതരിപ്പിച്ചത്.

# വയനാട് ദുരന്തം: സ്കൂളിന് ഫർണിച്ചർ നൽകി സഹായിക്കും

**ആലുവ:** ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് വയനാട്ടിലെ ഉരുൾപ്പൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് സഹായമായി മേപ്പാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ഫർണിച്ചറുമായി പോകുന്ന വാഹനം മന്ത്രി പി രാജീവ് ഫ്ളാഗ് ഓഫ് ചെയ്തു. കമ്പനി ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകുന്ന സഹായനിധി എഫ്ഐടി ചെയർമാൻ ആർ അനിൽകുമാറിൽ നിന്നും മന്ത്രി ഏറ്റുവാങ്ങി. വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അൻവർ അലി, വൈസ് പ്രസിഡന്റ് അജി ഹക്കിം, ചൂർണിക്കര പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, എഫ്ഐടി മാനേജിംഗ് ഡയറക്ടർ കെ അഫ്സൽ അലി, പഞ്ചായത്തംഗങ്ങളായ മുഹമ്മദ് ഷെഫീഖ്, റൂബി ജിജി, റംല അലിയാർ ട്രേഡ് യൂണിയൻ ഭാരവാഹികളായ അഡ്വ. വി സലിം, എ എം യൂസഫ്, എം ജെ ടോമി, എഫ്ഐടി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

# ഉത്തര സൂചിക പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** 2024 ആഗസ്റ്റ് 25ന് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ നടത്തിയ 202425 അധ്യയന വർഷത്തെ പി.ജി (എം.എസ്സി) നഴ്സിംഗ് കോഴ്സിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ ഉത്തര സൂചിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഉത്തരസൂചികകൾ സംബന്ധിച്ച് പരാതിയുള്ളവർക്ക് ആക്ഷേപമുന്നയിക്കുന്നതിന് ആഗസ്റ്റ് 29ന് രാത്രി 11.59 വരെ സമയമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനം കാണുക. ഫോൺ: 04712525300.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ലയൺസ് ക്ലബ്ബ് സൗജന്യ നേത്ര/ ദന്തൽ ക്യാമ്പ് സംഘടിപ്പിച്ചു

**കോലഞ്ചേരി:** ലയൺസ് ക്ലബ്ബിന്റെ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി കോലഞ്ചേരി ലയൺസ് ക്ലബ്ബ് സൗജന്യ നേത്ര/ ദന്തൽ ക്യാമ്പ് സംഘടിപ്പിച്ചു.കാലടി ശ്രീ ഭവാനി ഫൗണ്ടേഷന്റെയും അമൃത ഹോസ്പിറ്റലിന്റെയും സഹകരണത്തോടെയുമാണ് ക്യാമ്പ് സംഘടിപ്പിച്ചു.കോലഞ്ചേരി ക്ലബ്ബ് സെന്ററിൽ വച്ച് നടന്ന ക്യാമ്പ് ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് സെക്രട്ടറി ബേബി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.

വിദഗ്ധരായ ഡോക്ടർമാരുടെയും മെഡിക്കൽ സംഘത്തിന്റെയും നേതൃത്വത്തിലാണ് ക്യാമ്പ് പ്രവർത്തിച്ചത്.ക്യാമ്പിൽ പങ്കെടുത്തവർക്ക് തിമിര,ദന്തരോ?ഗ ചികിത്സകൾ പൂർണ്ണമായും സൗജന്യമാണ്.

ക്ലബ്ബ് പ്രസിഡന്റ് അജിത് പോൾ,സെക്രട്ടറി ടിവി യോഹന്നാൻ റീജയണൽ ചെയർമാൻ സജി ചെമ്മേലിൽ,സോൺ ചെയർമാൻ ബാബു എം എം,ശ്രീകുമാർ നെടുമ്പാശ്ശേരി,ഡോ.വിജയകുമാർ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

## കൗൺസിലർ താത്കാലിക നിയമനം

**കൊച്ചി:**പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആലുവ കീഴ്മാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, കൗൺസിലിംഗും നൽകുന്നതിന് 202425 വർഷത്തേയ്ക്ക് പ്രതിമാസം ഓണറേറിയമായി 20,000 രൂപ നിരക്കിൽ കൗൺസിലറുടെ നിയമനത്തിന് ഉദ്യോഗാർത്ഥികളെ നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചു. കൗൺസിലിംഗിൽ പരിചയ സമ്പന്നരും, സൈക്കോളജി/സോഷ്യൽ വർക്ക്/സോഷ്യോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവുമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥി കളെയാണ് തെരഞ്ഞെടുക്കുന്നത്. (പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളില്ലെങ്കിൽ മറ്റ് വിഭാഗക്കാരെ പരിഗണിക്കും.) നിയമനം തികച്ചും താത്കാലികവും, അദ്ധ്യയന വർഷാവസാനം വരെ ആയിരിക്കും. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ പൂരിപ്പിച്ച അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം സെപ്റ്റംബർ മൂന്നിന് (ചൊവ്വാഴ്ച) രാവിലെ 10.30 ന് എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷ9 മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0484 2422256.

## മസ്റ്ററിങ് സെപ്റ്റംബർ 30 വരെ

**കൊച്ചി:** കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ ഗുണഭോക്താക്കളുടെ 2024 വാർഷിക മസ്റ്ററിങ് പൂർത്തിയാക്കുന്നതിനുള്ള തീയതി സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൂടുതൽ സമയപരിധി ഇനി ലഭിക്കില്ല.

## കന്നുകാലി സെൻസസ് സെപ്റ്റംബർ 2 ന് ആരംഭിക്കും

**തിരുവനന്തപുരം:** 21മത് കന്നുകാലി സെൻസസ് സെപ്റ്റംബർ രണ്ടിന് ആരംഭിക്കുമെന്നും വളർത്തുമൃഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ നൽകി പൊതുജനങ്ങളും കർഷകരും സഹകരിക്കണമെന്നും മൃഗസംരക്ഷണ മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു.സെപ്റ്റംബർ 2 മുതൽ മുതൽ ആരംഭിക്കുന്ന ഇരുപത്തിയൊന്നാമതു കന്നുകാലി സെൻസസിനായി വകുപ്പിൽ നിന്നും 3500 ലധികം എന്യുമറേറ്റമാരെ നിയമിച്ചിട്ടുണ്ട്. ഇവർ സംസ്ഥാനത്തെ 1 കോടി 6 ലക്ഷത്തോളം വരുന്ന വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ചു 4 മാസം കൊണ്ട് മൃഗങ്ങളുടെ സമ്പൂർണ വിവരങ്ങൾ ശേഖരിച്ചു ക്രോഡീകരിച്ചു കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

ആഗസ്ത് 29 ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഹാളിൽ നടക്കുന്ന സംസ്ഥാനതല പരിശീലന പരിപാടിയുടെ ഉദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. വി കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും. ആഗസ്ത് 31 ന് എല്ലാ ജില്ലകളിലും ജില്ലാതല പരിശീലന പരിപാടികളും സംഘടിപ്പിക്കും.

1919 മുതലാണ് രാജ്യത്ത് കന്നുകാലി സെൻസസ് ആരംഭിച്ചത്.ഇതിനെ തുടർന്ന് ഓരോ 5 വർഷം കൂടുമ്പോഴും രാജ്യത്തു കന്നുകാലികളുടെ കണക്കെടുപ്പ് നടന്നു വരുന്നുണ്ട്. രാജ്യത്തിൻറെ സാമ്പത്തിക അടിത്തറയ്ക്ക് ശക്തി പകരുന്നതിൽ കന്നുകാലി സാമ്പത്തിനുള്ള പ്രാധാന്യത്തിന്റെ മനസ്സിലാക്കികൊണ്ട് കന്നുകാലി സമ്പത്തിനെ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ശരിയായ രീതിയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും നാളിതുവരെ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നതിനും കൂടുതൽ വിശകലനം നടത്തി പോരായ്മകൾ പരിഹരിക്കുന്നതിനും ആണ് ഇത്തരത്തിൽ മൃഗങ്ങളുടെ സമസ്ത വിവര ശേഖരണം നടത്തുന്നത്.




# കാൻ കോൺ അന്താരാഷ്ട്ര സെമിനാറിന് ഇന്ന് തുടക്കമാകും

**കണ്ണൂർ** :എം.വി.ആർ കാൻസർ സെൻററും ഐഎസ്.ഒയും സംയുക്തമായി നടത്തുന്ന കാൻ കോൺ അന്താരാഷ്ട്ര സെമിനാറിന് എം.വി.ആർ കാൻസർ സെന്ററിൽ ഇന്ന് തുടക്കമാകും. ഇന്ന് മുതൽ സെപ്തംബർ ഒന്ന് വരെ നടക്കുന്ന സെമിനാറിൽ കാൻസർ രോഗത്തെ കുറിച്ചും അന്താരാഷ്ട്ര തലത്തിലുള്ള വിവിധങ്ങളായ ചികിത്സാ രീതികളെ കുറിച്ചും ചർച്ചകളും പ്രഭാഷണങ്ങളും നടക്കും.

ഇന്ത്യയെ കൂടാതെ അമേരിക്ക, യൂറോപ്പ്, യു.കെ, സിംഗപ്പൂർ തുടങ്ങി വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധർ പങ്കെടുക്കും. സർജറി, മെഡിക്കൽ, റേഡിയേഷൻ, എന്നീ വിഭാഗങ്ങളിലെ നൂതന കാൻസർ ചികിത്സാ രീതികളായ ഇമ്മ്യൂണോ തെറാപ്പി, ടാർജെറ്റഡ് തെറാപ്പി, റോബോട്ടിക് സർജറി, ഹൈപെക് സർജറി റേഡിയേഷൻ ചികിത്സയിലെ അതി സൂക്ഷ്മ റേഡിയേഷനായ എസ്ബി ആർട്ടി എന്നിവയെ കുറിച്ചുള്ള പ്രബന്ധങ്ങളും സംവാദങ്ങളും പാനൽ ഡിസ്കഷനും നടക്കും.

"Pushing the boundaries for cure" എന്നാണ് സെമിനാറിന്റെ ആശയം. കാൻസർ ചികിത്സ കഴിഞ്ഞ് രോഗം വീണ്ടും വന്ന് കഷ്ടപ്പെടുന്നവരെ എങ്ങിനെ പുതിയ ചികിത്സാ സമ്പ്രദായങ്ങൾ വഴി സുഖപ്പെടുത്താം എന്നതാണ് പ്രധാനമായും ചർച്ച ചെയ്യുന്നത്. ഫിസിയോ തെറാപ്പി, സൈക്കോ ഓങ്കോളജി, ന്യൂട്രീഷൻ ഓങ്കോളജി എന്നീ വിഭാഗങ്ങളെ കുറിച്ചുള്ള ശിൽപ്പശാലയും നടക്കും.150 ഓളം ഗവേഷക സ്ഥാപനങ്ങളിൽ നിന്നായി ആയിരത്തിൽ അധികം വിദഗ്ദ്ധർ പങ്കെടുക്കും. 2019 ൽ എം.വി.ആർ കാൻസർ സെന്ററിൽ ആരംഭിച്ച കാൻ കോൺ അഞ്ചാം പതിപ്പിന്റെ വിജയത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളും പൂർത്തിയായതായി സംഘാടകർ അറിയിച്ചു.

# അമീബിക് മസ്തിഷ്ക ജ്വരം, ഗവേഷണം കേരളം ഏറ്റെടുക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് പല ജില്ലകളിൽ അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് സ്ഥിരീകരിച്ച സാഹചര്യത്തിൽ രാജ്യത്ത് ആദ്യമായി ഏകാരോഗ്യ സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ കേരളം തീരുമാനിച്ചു. ഇതിന്റെ ആദ്യപടിയായി കേരളത്തിലേയും ഐ.സി.എം.ആർ., ഐ.എ.വി., പോണ്ടിച്ചേരി എവി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ടെക്നിക്കൽ വർക്ക്ഷോപ്പ് തിരുവനന്തപുരം അപെക്സ് ട്രോമ കെയർ സെന്ററിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചു. ആരോഗ്യ മന്ത്രി വീണാ ജോർജ് ശിൽപശാല അഭിസംബോധന ചെയ്ത് സംസാരിച്ചു.

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് ഗവേഷണം കേരളം ഏറ്റെടുക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആഗോള തലത്തിൽ തന്നെ ഇത്തരമൊരു ശ്രമം ആദ്യമായിട്ടായിരിക്കും നടക്കുക. തിരുവനന്തപുരത്ത് ക്ലസ്റ്റർ ഉണ്ടായപ്പോൾ ആദ്യ കേസ് കണ്ടുപിടിക്കാനും തുടർന്ന് മറ്റുള്ള രോഗബാധിതരെ കണ്ട് പിടിക്കാനും സാധിച്ചു. അവരെല്ലാം രോഗമുക്തരായി കൊണ്ടിരിക്കുകയാണ്. എന്ത് കാരണം കൊണ്ടാണ് സംസ്ഥാനത്ത് കേസുകളുടെ വർധനവ് ഉണ്ടാകുന്നതെന്ന് കണ്ടുപിടിക്കാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഐസിഎംആർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് പോലെയുള്ള വിദഗ്ധ സംഘടനകളുമായി ചേർന്നുള്ള ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതെന്നും മന്ത്രി വ്യക്തമാക്കി. ശിൽപശാലയിൽ പങ്കെടുത്തവർ കേരളത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. അമീബിക് മെനിഞ്ചോ എൻസെഫലൈറ്റിസ് പോലുള്ള വളരെ അപൂർവമായ രോഗങ്ങൾ നേരത്തെ തന്നെ കണ്ടുപിടിക്കാനും മരണനിരക്ക് 97 ശതമാനമുള്ള രോഗത്തിൽ നിന്നും കുറേപ്പേരെ രക്ഷിക്കാൻ സാധിച്ചതും സംസ്ഥാനത്തിന്റെ മികച്ച നടപടികൾ കൊണ്ടാണെന്ന് സംഘം വിലയിരുത്തി. അമീബയുടെ വളർച്ചയെ സഹായിക്കുന്ന ജൈവികവും അജൈവികവുമായ ഘടകങ്ങളെപ്പറ്റിയുള്ള വിശദമായ പഠന റിപ്പോർട്ട് കേരള യൂണിവേഴ്സിറ്റിയുടെ എൻവെയർമെന്റ് എഞ്ചിനീറിംഗ് വിഭാഗവും മലിനീകരണ നിയന്ത്രണ ബോർഡും കൂടി അവതരിപ്പിച്ചു. കേരളത്തിലെ ജലാശയങ്ങളിലെ അത്തരം സാഹചര്യങ്ങൾ വിലയിരുത്താൻ തീരുമാനമെടുത്തു. അതിലൂടെ അമീബയുടെ വളർച്ചയെ സഹായിക്കുന്ന ജൈവികവും അജൈവികവുമായ ഘടകങ്ങളെപ്പറ്റിയുള്ള വിശദമായ പഠനം നടത്തി ഏകാരോഗ്യ സമീപനത്തിലൂന്നിയ ആക്ഷൻപ്ലാൻ രൂപീകരിക്കാനും യോഗം തീരുമാനിച്ചു.

പ്രതിരോധത്തിന് കേരളം നടത്തുന്ന പ്രവർത്തനങ്ങൾക്ക് സംഘം എല്ലാ പിന്തുണയും നൽകി. ലോകത്ത് തന്നെ രോഗമുക്തി കൈവരിച്ചിട്ടുള്ളത് ആകെ 11 പേർ മാത്രമാണ്. സംസ്ഥാനത്ത് 2024ൽ 19 പേർക്കാണ് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചത്. 5 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിൽ രോഗമുക്തി നിരക്ക് കൂട്ടാൻ സാധിച്ചു. സംസ്ഥാനത്ത് ഇതുവരെ 4 പേരാണ് രോഗമുക്തി നേടിയത്. കേരളത്തിൽ രോഗം സ്ഥിരീകരിച്ച എല്ലാവർക്കും അമീബ കാണാൻ സാധ്യതയുള്ള മലിനമായ ജലവുമായി ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സമ്പർക്കം ഉണ്ടായിട്ടുണ്ട്. ഒരേ ജല സ്രോതസ് ഉപയോഗിച്ചവരിൽ ചിലർക്ക് മാത്രം രോഗം വരാനുള്ള കാരണം കണ്ടെത്താനായി ഐസിഎംആറിന്റേയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയുടേയും സഹായത്തോടെ ഒരു കേസ് കൺട്രോൾ പഠനം നടത്താനും തീരുമാനിച്ചു.

# കൊല്ലംതേനി ദേശീയപാത വികസനം: സ്ഥലം ഏറ്റെടുപ്പിൻെറ ആദ്യഘട്ടമായി



**ചാരുംമൂട്:** കൊല്ലം തേനി ദേശീയപാത 183ൻറെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കലിനു മുമ്പുള്ള സംയുക്ത പരിശോധന ഇന്ന് ആരംഭിക്കും. ത്രീ എ വിജ്ഞാപനത്തിനു മുമ്പുള്ള നടപടിയാണിത്. അതനുസരിച്ച് പാതയുടെ ജില്ലയിലുള്ള സ്ഥലങ്ങളിലാണ് സ്പെഷൽ തഹസിൽദാരും കൺസൾട്ടൻറ് ഏജൻസിയും പിഡബ്ല്യുഡി ദേശീയപാത വിഭാഗവും ചേർന്നുള്ള പരിശോധന നടത്തുന്നത്.

കൊല്ലം ജില്ലയുടെയും ആലപ്പുഴ ജില്ലയുടെയും അതിർത്തിയായ ആനയടി വയ്യാങ്കരയിൽനിന്ന് തുടങ്ങി എംസി റോഡിൽ ചെങ്ങന്നൂർ നഗരസഭയിലെ ആഞ്ഞിലിമൂട് കവല വരെയാണ് ആലപ്പുഴ ജില്ലയിലുള്ള ഭാഗം. ഏറ്റെടുക്കേണ്ട ഭൂമിയുടെ സർവേനമ്പർ, വിസ്തീർണം, വില്ലേജ് എന്നിവ ഉറപ്പുവരുത്താനാണ് സംയുക്ത പരിശോധന. നിലവിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻറെ സൈറ്റിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിവരമുണ്ട്.

ജില്ലയിലെ പരിശോധന കഴിഞ്ഞാൽ കൊല്ലം ജില്ലയിലെ സ്ഥലങ്ങളിലും പരിശോധന ആരംഭിക്കും. ഭൂമി ഏറ്റെടുക്കൽ നടപടിക്കായി കൊല്ലം, ഹരിപ്പാട് സ്പെഷൽ തഹസിൽദാർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. രണ്ടു ജില്ലകളിൽനിന്നും 22 ഹെക്ടർ ഭൂമിയാണ് (5500 സെൻറ്) ഏറ്റെടുക്കുന്നത്. 3എ വിജ്ഞാപനത്തിനു പുറമേ പോർട്ടിൽ അപ്‌ലോഡ് ചെയ്യുന്ന ഭൂമി സംബന്ധിച്ച് ഹിയറിംഗും പ്രധാനമാണ്. തുടർന്നാണ് അതിർത്തി നിർണയിച്ച് കല്ലിടീൽ. അതുകഴിഞ്ഞാൽ ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള ത്രീഡി വിജ്ഞാപനം പ്രസിദ്ധീകരിക്കും. ഇതോടൊപ്പം നഷ്ടപരിഹാരം നിർണയിച്ച് വില നിശ്ചയിച്ച് ഭൂമി ഏറ്റെടുത്ത നടപടി പൂർത്തീകരിക്കും. അലൈൻമെൻറിന് അംഗീകാരം ലഭിച്ചിട്ട് ഒന്നരവർഷമായി.

കൊല്ലംതേനി ദേശീയപാത നിർമാണം കൊല്ലം ബൈപാസിൽ കടവൂർ ഒറ്റക്കൽ മുതൽ ചെങ്ങന്നൂർ ആഞ്ഞിലിമൂട് കവല വരെ 58 കിലോമീറ്ററാണ്. കടവൂർ, പെരിനാട് ആർഒബി, അഞ്ചാലുംമൂട്, കുണ്ടറ ഇളമ്പള്ളൂർ, ചിറ്റുമല, ഭരണിക്കാവ്, ചക്കുവള്ളി, താമരക്കുളം, ചാരുംമൂട്, കൊല്ലകടവ് വഴി ചെങ്ങന്നൂർ ആഞ്ഞിലിമൂട്ടിൽ എത്തും.

തുടർന്ന് കോട്ടയം, മുണ്ടക്കയം, കുട്ടിക്കാനം, കുമളി, കമ്പം വഴി തേനിയിൽ പാത അവസാനിക്കും. 16 മീറ്റർ വീതിയിലാണ് റോഡുനിർമാണം. വളവ് നേരെയാക്കാൻ ചിലയിടങ്ങളിൽ വീതി 16 മീറ്ററിൽ കൂടുതൽ വേണ്ടിവരും. 16 മീറ്ററിൽ 12 മീറ്റർ വീതിയിലാണ് ടാറിംഗ്. ആദ്യഘട്ട സർവേ നടപടികൾക്കുശേഷം വിശദമായ ഡിപിആറും സ്ഥലം ഏറ്റെടുപ്പിനുള്ള ത്രീ എ നോട്ടിഫിക്കേഷൻ അടക്കമുള്ള നടപടികളിലേക്കു കടക്കും.

# പ്രീമിയർ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു

**പാലാ:** ഗുണമേന്മയുള്ള വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് കത്തോലിക്കാ സഭ ചെയ്യുന്ന സേവനങ്ങൾ മഹത്തരമാണെന്നും രൂപതയിലെ വിദ്യാലയങ്ങളിൽ പഠിക്കുന്ന സമർത്ഥരായ വിദ്യാർഥികളെ ഉന്നത നിലയിൽ എത്തിക്കുന്നതിനായി നടത്തുന്ന പ്രീമിയർ പ്രോഗ്രാം വലിയ മാതൃകയാണെന്നും കെ.ഫ്രാൻസിസ് ജോർജ് എംപി. പാലാ കോർപറേറ്റ് സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്കായി നടത്തുന്ന പ്രീമിയർ പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇത്തരം പരിശീലന പരിപാടികൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. വിദ്യാർഥികളെ പഠിപ്പിക്കുക മാത്രമല്ല, ഉന്നത പരീക്ഷകൾക്ക് ഉതകുംവിധം പരിശീലനം നൽകുന്നതിനുള്ള രൂപതയുടെ ഉദ്യമം ശ്ലാഘനീയമാണെന്നും അദ്ദേഹം പറഞ്ഞു. പാലാ രൂപത കോർപറേറ്റ് എഡ്യുക്കേഷനൽ ഏജൻസി സെക്രട്ടറി ഫാ.ജോർജ് പുല്ലുകാലായിൽ അധ്യക്ഷത വഹിച്ചു. സാബു മാത്യു, ജോജി എബ്രാഹം, ജോബി മാത്യു, പി.ജെ.സിബി, റെജി മാത്യു, ഏബൽ നോയൽ എന്നിവർ പ്രസംഗിച്ചു.

# പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യവിതരണം ഓൺലൈൻ സംവിധാനത്തിലേക്ക

**കൊച്ചി:** ഈ അധ്യയന വർഷം മുതൽ പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യവിതരണം ഇഗ്രാന്റ് പോർട്ടൽ മുഖേന ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നു. തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത പാരൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യമാണ് ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നത്. താത്പര്യമുള്ള പാരലൽ കോളേജുകൾ സ്ഥാപനത്തെ സൈറ്റിൽ ചേർക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഹാജരാക്കണം.

# ഗവി ടൂറിസം മേഖല ഇനി ബിഎസ്എൻഎൽ മൊബൈൽ ഫോൺ റേഞ്ചിന്റെ പരിധിയിൽ

**സീതത്തോട്:** ഗവി ടൂറിസം മേഖല ഇനി മുതൽ ബിഎസ്എൻഎൽ മൊബൈൽ ഫോൺ റേഞ്ചിന്റെ പരിധിയിൽ. ഗവി നിവാസികളുടെ ദീർഘനാളത്തെ ആഗ്രഹം സഫലമാക്കി 4 ജി ടവറിന്റെ ഉദ്ഘാടനം ആന്റോ ആന്റണി എംപി നിർവഹിച്ചു. ഗവിയിൽ നിന്നും കൊച്ചുപമ്പ വരെയുള്ള പ്രദേശങ്ങളിൽ സിഗ്നൽ സുഗമമായി ലഭിക്കും. ഇതോടെ ഇന്റർനെറ്റ് അടക്കമുള്ള സേവനങ്ങൾ ലഭിച്ച് തുടങ്ങി. പുതിയ ടവർ വന്നതിൽ ഏറ്റവും അധികം പ്രയോജനം ലഭിക്കുന്നത് ഗവി ഗവ. സ്കൂളിലെ കുട്ടികൾക്കാണ്. ഇന്റർ നെറ്റ് സൗകര്യങ്ങൾ ആയതോടെ കുട്ടികളുടെ പഠന നിലവാരവും ആധുനിക സൗകര്യങ്ങളോടെ മെച്ചപ്പെടുമെന്ന പ്രതീക്ഷയിലാണ് സ്കൂൾ അധികൃതർ.

കെഎഫ്ഡിസി തോട്ടം തൊഴിലാളികൾ ഗവി ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തകർ വനം കെഎസ്ഇബി പൊലീസ് വകുപ്പുകളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെയുള്ളവരാണ് ടവറിന്റെ പ്രധാന ഉപഭോക്താക്കൾ. മൂഴിയാർ കഴിഞ്ഞാൽ ഒറ്റപ്പെട്ട സ്ഥലത്ത് മാത്രമായിരുന്നു മുൻപ് സിഗ്നൽ ലഭിച്ചിരുന്നത്.

ബൂസ്റ്റർ സംവിധാനം ഉപയോഗിച്ച് വളരെ കുറച്ച് ദൂരത്തിൽ മാത്രം ഗവിയോടു ചേർന്ന പ്രദേശങ്ങളിൽ മുൻപ് സിഗ്നൽ ലഭിച്ചിരുന്നു. പുതിയ ടവർ കമ്മിഷൻ ചെയ്തതോടെ ഗവിയുമായി ബന്ധപ്പെട്ട മിക്ക പ്രദേശങ്ങളിലും സിഗ്നൽ ലഭിക്കും. ബിഎസ്എൻഎൽ ജനറൽ മാനേജർ സാനു ജോർജ് അധ്യക്ഷത വഹിച്ചു.

# ഭവന പുനരുദ്ധാരണ പദ്ധതി : ആഗസ്റ്റ് 31 വരെ അപേക്ഷിക്കാം

**കൊച്ചി:** ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾ,വിവാഹബന്ധം വേർപ്പെടുത്തിയ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിലേക്കുള്ള അപേക്ഷ ആഗസ്റ്റ് 31 വരെ സ്വീകരിക്കും. മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്കാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് സഹായം നൽകുക. ജനലുകൾ,വാതിലുകൾ ,മേൽക്കൂര , ഫ്ലോറിംഗ് ,ഫിനിഷിംങ് ,പ്ലംബിംങ് , സാനിറ്റേഷൻ, വയറിംഗ് , എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തന്നതിനാണ് ധനസഹായം .

അപേക്ഷാ ഫാറം , 202425 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും, വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വയർ ഫീറ്റിൽ കുറവാണ് എന്ന് വില്ലേജ് ആഫീസർ,തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ/ബന്ധപ്പെട്ട അധികാരികൾ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം ഉള്ളടക്കം ചെയ്യണം .

പൂരിപ്പിച്ച അപേക്ഷ രേഖകൾ സഹിതം കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ. ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, സിവിൽ സ്റ്റേഷൻ , കുയിലിമല , പൈനാവ് , ഇടുക്കി എന്ന വിലാസത്തിൽ തപാൽ മുഖാന്തിരമോ, ആഗസ്ത് 31 വരെ അപേക്ഷിക്കാം. അപേക്ഷാ ഫോറം www. minortiywelfare.kerala.gov.in ൽ ലഭിക്കും.

